Prot.No. 34/17/17

# ഓസ്ട്രേലിയായിലെ വിവാഹനിയമ ഭേദഗതിയെക്കുറിച്ചുള്ള സർക്കുലർ

പ്രിയ വൈദികരേ, സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭാ വിശ്വാസികളായ നമ്മെ ഔദാര്യപൂർവ്വം സ്വീകരിച്ച ഓസ്ട്രേലിയൻ സമൂഹം ക്രൈസ്തവ മൂല്യങ്ങൾ കൈവിട്ട് കൂടുതൽ സെക്കുലർ ആയിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ക്രൈസ്തവ വിശ്വാസവും ധാർമ്മികതയുമനുസരിച്ച് ജീവിക്കാൻ സാഹസികമായ ധൈര്യവും സ്ഥിരോത്സാഹവും നമുക്ക് ആവശ്യമാണ്.

ഏകാധിപത്യ നിരീശ്വര വ്യവസ്ഥിതികളിൽ വിശ്വാസികൾ പീഡിപ്പിക്കപ്പെടുന്നതും വിശ്വാസത്തെ അടിച്ചമർത്തുന്നതും ചരിത്രത്തിൽ നാം അറിഞ്ഞിട്ടുള്ളതാണ്. സംസ്കാര സമ്പന്നമെന്നും മൾട്ടികൾച്ചറൽ എന്നും വിശേഷിപ്പിക്കപ്പെടുന്ന, നമ്മുടെ രണ്ടാമത്തെ മാതൃരാജ്യമായി നാം സ്നേഹിക്കുന്ന ഈ രാജ്യത്തിൽ അത്തരം പ്രവണതകൾ എത്ര അപകടകരം!

അത്തരമൊരു സംഭവം ക്വീൻസിലാൻഡിൽ 2017 ജനുവരിയിൽ നടന്നു. ആ സ്റ്റേറ്റിലെ വിദ്യാഭ്യാസമന്ത്രി പുറപ്പെടുവിച്ച കല്പനയിൽ സ്കൂളിൽ വച്ച് ക്രിസ്തുമസ് കാർഡോ, ക്രിസ്തുമസ് ട്രീയോ കൈമാറുന്നതും ഈശോയെപ്പറ്റിയോ, സുവിശേഷത്തെപ്പറ്റിയൊ മറ്റു കുട്ടികളോട് സംസാരിക്കുന്നതും തടയണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. മറ്റൊരുകാര്യം ‘‘ദയാവധം’’ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന Euthanasia സമീപഭാവിയിൽ വിക്ടോറിയ സ്റ്റേറ്റിൽ നടപ്പിലാക്കാൻ അണിയറയിൽ ആസൂത്രണങ്ങൾ ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. തുടർന്ന് കാട്ടുതീ പോലെ ഇത് മറ്റു സംസ്ഥാനങ്ങളിലേക്കും വ്യാപിക്കാൻ പോകുകയാണ്. ഇത്തരം നിഗൂഢമായ ക്രൈസ്തവവിരുദ്ധനീക്കങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടുകാണുമല്ലൊ.

ഈ സാഹചര്യത്തിൽ ക്രൈസ്തവവിശ്വാസം ബോധപൂർവ്വം ജീവിക്കാനും അത് നമ്മുടെ മക്കൾക്ക് ആവേശപൂർവ്വം കൈമാറാനും നമ്മുടെ ബോധ്യങ്ങൾ സൗഹൃദസംഭാഷണങ്ങളിലൂടെ മറ്റുള്ളവരുമായി പങ്കുവെക്കാനും ജോലിസ്ഥലത്തും മറ്റും ഈശോയുടെ സുവിശേഷത്തിന്റെ സന്തോഷം കൈമാറാനും ഏവരും ശ്രദ്ധിക്കുമല്ലൊ.

ഈ അവസരത്തിൽ ഓസ്ട്രേലിയായിൽ നിർണ്ണായകമായ തീരുമാനത്തിലേക്ക് നീങ്ങുന്ന ഒരു പ്രധാനപ്പെട്ട കാര്യം ഏവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ കടപ്പെട്ടവനാണ്.

ഓസ്ട്രേലിയായിലെ വിവാഹനിയമം ഭേദഗതി ചെയ്യുന്ന നടപടി പാർലമെന്റ് നവംബർ അവസാനത്തിൽ വോട്ടിനിടുമെന്നാണ് പ്രധാനമന്ത്രി

പ്രഖ്യാപിച്ചിരിക്കുന്നത്. പരിശുദ്ധവും പരിപാവനവുമായ വിവാഹജീവിതത്തെയും സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തെയും മൂല്യാധിഷ്ഠിതമായ ധാർമ്മികജീവിതത്തെയും നിർണ്ണായകമായി മാറ്റിമറിക്കുന്ന അപകടകരമായ നിയമഭേദഗതി കൊണ്ടുവരാൻ സാധ്യതയുള്ള ഒരു സാഹചര്യമാണ് നിലവിലുള്ളതെന്നും മാധ്യമങ്ങളിലൂടെ നാമെല്ലാവരും അറിഞ്ഞിരിക്കുമല്ലൊ.

സ്ത്രീയും പുരുഷനുമായുള്ള വിവാഹത്തിന് തുല്യമായി സ്വവർഗ്ഗവിവാഹവും നിയമപരമായി അംഗീകരിക്കപ്പെടുമ്പോൾ കുടുംബത്തിന്റെ മൂലക്കല്ല് ഇളക്കികളയുകയും മക്കൾക്ക് അപ്പന്റെയും അമ്മയുടെയും സ്നേഹം അനുഭവിക്കാനുള്ള അടിസ്ഥാനപരമായ അവകാശം നിഷേധിക്കപ്പെടുകയുമാണ്. അപകടകരമായ ഈ സാഹചര്യം സംഭവിക്കാതിരിക്കാൻ തീക്ഷ്ണമായി പ്രാർത്ഥിക്കാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. നമ്മുടെ ഇടവകകളിലും സമൂഹങ്ങളിലും സാഹചര്യമനുസരിച്ച് ആരാധനയോ, പ്രാർത്ഥനകൂട്ടായ്മയോ ഈ നിയോഗം വച്ച് സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

പാർലമെന്റ് വോട്ട് ചെയ്യുന്നതിനുമുമ്പ് ഈ നാട്ടിലെ പൗരന്മാർക്ക് ഓസ്ട്രേലിയൻ വിവാഹ നിയമ ഭേദഗതിയെപ്പറ്റിയുള്ള റഫറണ്ടത്തിൽ വോട്ട് രേഖപ്പെടുത്തി അഭിപ്രായം പ്രകടിപ്പിക്കാൻ കിട്ടുന്ന അവസരം നാം എല്ലാവരും ശ്രദ്ധാപൂർവ്വം ഉപയോഗപ്പെടുത്തണം. അതിനാൽ വോട്ടർ പട്ടികയിൽ ഇനിയും പേര് രജിസ്റ്റർ ചെയ്യാത്തവർ എത്രയും വേഗം പേര് രജിസ്റ്റർ ചെയ്ത് ക്രൈസ്തവമൂല്യങ്ങൾക്ക് നിരക്കുന്ന വിവാഹ–കുടുംബജീവിതത്തിന്റെ പരിശുദ്ധിയെ സംരക്ഷിക്കുന്ന രീതിയിൽ നിങ്ങളുടെ വോട്ട് രേഖപ്പെടുത്തണമെന്ന് എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. സെപ്റ്റംബർ 12 ഓടുകൂടി ബാലറ്റ് പേപ്പർ വീടുകളിലെത്തിക്കുമെന്നും റഫറണ്ടത്തിന്റെ ഫലം നവംബർ 15ന് പ്രഖ്യാപിക്കുമെന്നുമാണ് അറിയിച്ചുള്ളത്.

നമ്മുടെ കുടുംബങ്ങളിലെ ആത്മീയവും സാമൂഹികവുമായ കെട്ടുറപ്പും കുടുംബപ്രാർത്ഥനയും നമ്മുടെ കൗദാശിക ജീവിതാനുഷ്ഠാനങ്ങളും മതബോധന സംരംഭങ്ങളും കുടുംബകൂട്ടായ്മയും ഇനിയും മാതൃകാപരമായ രീതിയിൽ വളർത്തിക്കൊണ്ടുവരാൻ ഈ വെല്ലുവിളികൾ നമുക്ക് പ്രചോദനമാകട്ടെ.

‘‘ചെറിയ അജഗണമേ, ഭയപ്പെടേണ്ട’’ എന്ന നമ്മുടെ കർത്താവിന്റെ ആശ്വാസവചനത്തിൽ നമുക്ക് അഭയം കണ്ടെത്താം. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപ നമുക്ക് ശക്തി നല്കട്ടെ. പിതാവായ ദൈവത്തിന്റെ സ്നേഹം നമ്മെ വഴി നടത്തട്ടെ. പരിശുദ്ധാത്മാവ് എന്നും സത്യത്തിൽ നമ്മെ മുന്നോട്ട് നയിക്കട്ടെ. ദൈവമാതാവായ പരിശുദ്ധ അമ്മയുടെ സ്നേഹവാത്സല്യം എല്ലാവർക്കും നേർന്നുകൊണ്ട്,

നിങ്ങളുടെ സ്നേഹപിതാവ്

**+ ബോസ്കോ പുത്തൂർ** **2017 ആഗസ്റ്റ് 15**

NB: ഈ സർക്കുലർ ആഗസ്റ്റ് 20 ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.